

മാനന്തവാടി
ബ്ലോക്ക് പഞ്ചായത്ത്

2022–2023 സാമ്പത്തിക
വർഷത്തെ ബഡ്ജറ്റ്

ആമുഖം



മാന്യരെ,

14-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവാർഷിക പദ്ധതി (2022-23) രൂപീകരണ ഘട്ടത്തിലാണ് നാം. നവീനമായ കാഴ്ചപ്പാടും നയസമീപനങ്ങളും മുന്നോട്ട് വെയ്ക്കുന്ന ഭരണസമിതി അധികാരത്തിൽ വന്നതിന് ശേഷം രൂപീകരിച്ച ഒരു വാർഷിക പദ്ധതി പൂർത്തീകരണത്തിലേക്ക് എത്തുന്നു. 2021-22 വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തതിലും അപ്പുറം ഒരു ജനകീയ വികസന ബദൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കി ജനമനസ്സുകളിൽ ഇടം നേടാൻ കുറഞ്ഞകാലം കൊണ്ട് ഞങ്ങൾക്ക് സാധിച്ചുവെന്നതിൽ അഭിമാനമുണ്ട്.

ഭരണസമിതിയുടെ ഒന്നാം വാർഷികത്തിൽ (2021 ഡിസംബർ 30ന്) ഒരു പ്രോഗ്രസ് റിപ്പോർട്ട് ഞങ്ങൾ ജനസമക്ഷം അവതരിപ്പിച്ചിരുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും ചെയ്ത കാര്യങ്ങളെ സംബന്ധിച്ച് ആ റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

2022-23 വാർഷിക പദ്ധതിയുടെ വർക്കിങ്ങ് ഗ്രൂപ്പ്, ബ്ലോക്ക് ഗ്രാമസഭ, വികസന സെമിനാർ എന്നിവ പൂർത്തീകരിച്ചു. 2022 മാർച്ച് 11 ന് കേരള ധനകാര്യ മന്ത്രി ശ്രീ. കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ജി.പി.ജി, കേന്ദ്രാവിഷ്കൃത പദ്ധതികൾ മറ്റിതര വരുമാനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുള്ള ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന തിരുനെല്ലി, വെള്ളമുണ്ട, തൊണ്ടർനാട്, എടവക, തവിഞ്ഞാൽ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ജനങ്ങളുടെ ക്ഷേമവും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ഉന്നമനവും ലക്ഷ്യമിട്ട പദ്ധതികളാണ് മുന്നോട്ടുവെക്കുന്നത്.

വിശദമായ ബഡ്ജറ്റ് അവതരണത്തിൽ വൈസ് പ്രസിഡന്റും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണുമായ ശ്രീമതി എ.കെ. ജയഭാരതി കാര്യങ്ങൾ പ്രതിപാദിക്കുന്നതുകൊണ്ട് ആമുഖകുറിപ്പ് അവസാനിപ്പിക്കുന്നു.

സ്നേഹപൂർവ്വം

അഭിവാദനങ്ങളോടെ,

ജസ്റ്റിൻ ബേബി

പ്രസിഡന്റ്, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി



കെ.വി.വിജോൾ
ചെയർമാൻ
വികസനകാര്യം



ജോയ്സി ഷാജു
ചെയർപേഴ്സൺ
ക്ഷേമകാര്യം



പി.കല്ല്യാണി
ചെയർപേഴ്സൺ
ആരോഗ്യം – വിദ്യാഭ്യാസം



സൽമ മോയിൻ
മെമ്പർ
പേര്യ ഡിവിഷൻ



അബ്ദുൾ അസീസ്
മെമ്പർ
തലപ്പുഴ ഡിവിഷൻ



വിമല ബി.എം.
മെമ്പർ
കാട്ടിക്കുളം ഡിവിഷൻ



ഇന്ദിര പ്രേമചന്ദ്രൻ
മെമ്പർ
തോണിച്ചാൽ ഡിവിഷൻ



അമീൻ പി.കെ.
മെമ്പർ
തരുവണ ഡിവിഷൻ



ബാലൻ
മെമ്പർ
കുട്ടയാട് ഡിവിഷൻ



പി.ചന്ദ്രൻ
മെമ്പർ
തേറ്റമല ഡിവിഷൻ



രമ്യ താരേഷ്
മെമ്പർ
തൊർനാട് ഡിവിഷൻ

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ബഡ്ജറ്റ് 2022-2023



2020 ൽ അധികാരമേറ്റെടുത്ത മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ രണ്ടാം സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരണ വേളയിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നാം ഏറ്റവും കൂടുതൽ മുൻഗണന കൊടുത്തത് ആരോഗ്യമേഖലയ്ക്കായിരുന്നു.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ചില നൂതന പദ്ധതികൾക്ക് നാം രൂപം നൽകി. 'കനിവ്' എന്ന പേരിൽ ആരോഗ്യ സേവനം വീട്ടിലെത്തിക്കുക എന്ന ലക്ഷ്യവുമായി നടപ്പാക്കിയ പദ്ധതിക്ക് ജനങ്ങളിൽ നിന്നും വർധിച്ച സ്വീകാര്യത ലഭിച്ചു.

കൂടാതെ സഞ്ചരിക്കുന്ന മൃഗാശുപത്രി, പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതിയിൽ പെട്ടവർക്ക് യഥാസമയം ഭവന നിർമ്മാണ സഹായം അനുവദിക്കൽ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠന സഹായ സ്കോളർഷിപ്പ് വിതരണം എന്നിവയൊക്കെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

ശുചിത്വമുള്ള പൊതു ഇടങ്ങൾ സാധ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ധാരാളം ആളുകൾ ദിവസേന ബന്ധപ്പെടുന്ന ചെറു പട്ടണങ്ങളിൽ സ്ഥലം ലഭ്യമാക്കി പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്കും തുടക്കം കുറിക്കാൻ സാധിച്ചു. വനിതാ ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച ഷീ ലോഡ്ജിന്റെ നിർമ്മാണ ജോലികൾ അന്തിമഘട്ടത്തിലെത്തിയിട്ടുണ്ട്.

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ തൊഴിലും വരുമാനവും ഉയർത്തുക എന്നതിന് ഊന്നൽ നൽകലാണ് 2022-23 വർഷത്തെ ബഡ്ജറ്റ് ലക്ഷ്യമിടുന്നത്.

അസാപ്പിന്റെ സഹകരണത്തോടെ വ്യത്യസ്ത തൊഴിലുകളിൽ പ്രാവീണ്യം നേടാൻ യുവതി - യുവാക്കൾക്ക് വിദഗ്ധ പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ ഒരു കൈത്താങ്ങായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തിക്കും.

അലോപ്പതി വിഭാഗത്തിലെ ചികിത്സാ സൗകര്യങ്ങളുമായി ജനങ്ങളുടെയടുത്തെത്തിയ 'കനിവ്' പദ്ധതി കൂടുതൽ മെച്ചപ്പെടുത്തി അടുത്ത സാമ്പത്തിക വർഷത്തിലും തുടരും ഇതിനു പുറമെ ആയുർവേദ ചികിത്സാ സൗകര്യം വീടുകളിൽ എത്തിക്കുന്ന മറ്റൊരു നൂതന പദ്ധതി കൂടി ആരംഭിക്കും.

'കാരുണ്യ സ്പർശം' എന്ന പേരിൽ അറിയപ്പെടുന്ന മൊബൈൽ ആയുർവേദ ക്ലിനിക്കിൽ ഡോക്ടറുടെയും ഫാർമസിസ്റ്റിന്റെയും സേവനം ലഭ്യമാക്കും.

വിവരസാങ്കേതികവിദ്യ ലോകത്തെ മാറ്റിമറിച്ചുകൊണ്ടിരിക്കുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നത്. അറിവിന്റെ സങ്കേതങ്ങൾ ഒന്നോ രണ്ടോ മൊബൈൽ ക്ലിക്കിലൂടെ ലഭ്യമാകുന്ന കാലമാണിത്. നമ്മുടെ നാട്ടിലുള്ള ഗ്രാമീണ വായനശാലകൾ എല്ലാത്തരം അറിവുകളുടെയും വിനിമയ കേന്ദ്രങ്ങളായി മാറിയാൽ മാത്രമെ പുതിയതും പഴയതുമായ തലമുറകളെ കോർത്തിണക്കി പുതിയ ലോകത്തെ തന്റേടത്തോടെ നേരിടുന്നതിനുള്ള കഴിവ് സൃഷ്ടിക്കാൻ സാധിക്കൂ. കൂടാതെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വിജ്ഞാന സമൂഹ സൃഷ്ടിക്ക് അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ വായനശാലകളെ കോർത്തിണക്കി ഡിജിറ്റൽ ലൈബ്രറി സംവിധാനം ഒരുക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും.

കായിക വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കാനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി ഒന്നാം ഘട്ടം വിജയകരമായി പൂർത്തിയായി. എടവക ഗ്രാമ പഞ്ചായത്തിൽ കല്ലോടി ഡിവിഷനിൽ സൗജന്യമായി ലഭിച്ച സ്ഥലത്ത് മൾട്ടി പർപ്പസ് സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കലാണ് ലക്ഷ്യം. ജനകീയാസൂത്രണത്തിന്റെ 25-ാം വർഷ സ്മാരകമായി പൊതുജനപങ്കാളിത്തത്തോടെ സാമ്പത്തിക സമാഹരണം നടത്തി ഭാവി വികസന പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്തിന്റെ പ്രധാന വിഭവ സമാഹരണം കാലാകാലങ്ങളിൽ അനുവദിച്ചു കിട്ടുന്ന പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, പ്രധാനമന്ത്രി ജന വികാസ് കാര്യക്രം, നബാർഡ് സഹായം മറ്റ് കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം എന്നിവയാണ്.

2022-23 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് 106.01 കോടി രൂപ വരവും 105.65 കോടി രൂപ ചെലവും 35.55 ലക്ഷം രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റിന്റെ വിവിധ മേഖലകൾക്കായി നീക്കി വെക്കുന്നതിന്റെ വിശദാംശങ്ങളാണ് ഇനി പറയാൻ ശ്രമിക്കുന്നത്.

1) പാർപ്പിട മേഖല

എല്ലാവർക്കും സുരക്ഷിതവും മാന്യവുമായ ഭവനം ഉറപ്പുവരുത്തലാണ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രധാന ലക്ഷ്യം. PMAY മുഖേനയുള്ള ഭവന പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്നത്. സുതാര്യമായി സർക്കാർ മാനദണ്ഡമനുസരിച്ച് കണ്ടെത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും മുൻഗണനാടിസ്ഥാനത്തിൽ ഭവന നിർമാണത്തിനുള്ള ധനസഹായം ലഭ്യമാക്കുന്നതാണ്.

⇨ PMAY ജനറൽ	94.17 ലക്ഷം രൂപ
⇨ PMAY പട്ടിക വർഗ്ഗം	110.46 ലക്ഷം രൂപ
⇨ PMAY പട്ടിക ജാതി	9.6 ലക്ഷം രൂപ
ആകെ	**214.23 ലക്ഷം രൂപ**

2) ആരോഗ്യമേഖല

ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന 3 സി.എച്ച്.സികളിലെയും പശ്ചാത്തല സൗകര്യം വികസിപ്പിക്കുകയും അവയെ ജനസൗഹൃദ ആരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കലുമാണ് ലക്ഷ്യം വെക്കുന്നത്.

അലോപ്പതി ചികിത്സാ മേഖലയിൽ നടപ്പു സാമ്പത്തിക വർഷം തുടക്കമിട്ട 'കനിവ്' പദ്ധതി കൂടുതൽ മെച്ചപ്പെടുത്തി തുടരുന്നതാണ്. അതോടൊപ്പം ധാരാളം ആളുകൾ സമീപിക്കുന്ന ആയുർവേദ ചികിത്സാ സൗകര്യവും വീടുകളിലെത്തിക്കും. 'കാരുണ്യ സ്പർശം' എന്ന പേരിലായിരിക്കും ഈ നൂതന പദ്ധതി അറിയപ്പെടുക.

➪ കനിവ് സഞ്ചരിക്കുന്ന ആതുരാലയം	48 ലക്ഷം രൂപ
➪ പെയിൻ & പാലിയേറ്റീവ് സെക്കണ്ടറി ഹോം കെയർ പ്രോഗ്രാം	12 ലക്ഷം രൂപ
➪ നല്ലൂർനാട് ഡയാലിസിസ് സെന്റർ	34 ലക്ഷം രൂപ
➪ സായാഹ്ന ഒ.പി	13 ലക്ഷം രൂപ
➪ 'കാരുണ്യ സ്പർശം'	25 ലക്ഷം രൂപ
ആകെ	**132 ലക്ഷം രൂപ**

3) ക്ഷീരമേഖല

ഏറ്റവും കൂടുതൽ ജനങ്ങൾ സ്വയം തൊഴിൽ സംരംഭം എന്ന നിലക്ക് ഇടപെടുന്ന രംഗമാണ് ക്ഷീരമേഖല അവരുടെ അധ്വാനത്തിനനുസരിച്ചുള്ള വരുമാനം പലർക്കും കിട്ടുന്നില്ല. അവർക്കൊരു കൈത്താങ്ങായി പ്രവർത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് പ്രോൽസാഹന ധനസഹായം നടപ്പാക്കും. കൂടാതെ കഴിഞ്ഞ വർഷം തുടക്കമിട്ട മൊബൈൽ വെറ്ററിനറി ക്ലിനിക്ക് കൂടുതൽ കാര്യക്ഷമമായി അടുത്ത സാമ്പത്തിക വർഷത്തിലും തുടരും

➪ മൊബൈൽ വെറ്ററിനറി ക്ലിനിക്	23.5 ലക്ഷം രൂപ
➪ ക്ഷീര കർഷകർക്ക് ഇൻസെന്റീവ്	160 ലക്ഷം രൂപ
ആകെ	**183.5 ലക്ഷം രൂപ**

4) കാർഷിക മേഖല

കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന വിഷമതകളുടെ ആഘാതം കുറയ്ക്കുന്നതിന് ജലസേചന സൗകര്യങ്ങൾ വർധിപ്പിക്കും. കനാൽ / ചെക്ക്ഡാം എന്നിവ നിർമ്മിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കും. നെൽകൃഷിക്കാർക്ക് കൂലി ചെലവ് കണ്ടെത്താൻ സാമ്പത്തിക സഹായം അനുവദിക്കും.

➪ നെൽകൃഷി കൂലി ചിലവ് സബ്സിഡി	43.5 ലക്ഷം രൂപ
➪ കനാൽ/ചെക്ക് ഡാം നിർമ്മാണം	56.5 ലക്ഷം രൂപ
ആകെ	**100 ലക്ഷം രൂപ**

5) ക്ഷേമം

എല്ലാ വിഭാഗം ജനങ്ങളുടെയും സന്തോഷമാണ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ലക്ഷ്യം വെക്കുന്നത്.ജി.ഡി.പി.യേക്കാൾ പ്രാധാന്യം ജനങ്ങളുടെ സന്തോഷത്തിന് നൽകിയാലും തെറ്റില്ലെന്ന് നമ്മൾ മനസ്സിലാക്കണം. സാധാരണ കുട്ടികൾ സ്കൂളുകളിലും വീടുകളിലും ഓടിച്ചാടി കളിക്കുകയും, പഠനത്തിൽ ഏർപ്പെടുകയും ചെയ്യുമ്പോൾ മാതാപിതാക്കൾ സന്തോഷിക്കും. എന്നാൽ നമ്മുടെ നാട്ടിൽ ഇത്തരം സന്തോഷം അനുഭവിക്കാൻ കഴിയാത്ത ഒരു വിഭാഗം ആൾക്കാരുണ്ട്. പല രീതിയിലുള്ള അംഗ പരിമിതി ബാധിച്ച മക്കളെ ഓർത്തുള്ള ആകുലതയാണ് അവർ അനുഭവിക്കുന്നത്. ഇത്തരം കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകി അവരെ സമൂഹത്തിന്റെ പൊതുധാരയിലെത്തിക്കാൻ ബ്ലോക്ക് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. ബ്ലോക്ക് പഞ്ചായത്തിലെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 'താലോലം പഠന കേന്ദ്രം' എന്ന പേരിൽ ഒരു പുനരധിവാസ കേന്ദ്രം അടുത്ത സാമ്പത്തിക വർഷം ആരംഭിക്കും.

⇨ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	16.5 ലക്ഷം രൂപ
⇨ താലോലം പഠന കേന്ദ്രം	110 ലക്ഷം രൂപ
ആകെ	**126.5 ലക്ഷം രൂപ**

6) വിദ്യാഭ്യാസം

വിദ്യഭ്യാസ സ്ഥാപനങ്ങളൊന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നില്ല. അതുകൊണ്ട് സ്ഥാപന ശാക്തീകരണ പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുന്നില്ല പകരം ഉന്നത വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്ന പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠന സഹായ സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കും. കൂടാതെ, തുടർ സാക്ഷരത പ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പാക്കും.

⇨ ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പട്ടിക വർഗ്ഗം	42 ലക്ഷം രൂപ
⇨ ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പട്ടിക ജാതി	12 ലക്ഷം രൂപ
⇨ സാക്ഷരത പ്രവർത്തനങ്ങൾ	3 ലക്ഷം രൂപ
ആകെ	**57 ലക്ഷം രൂപ**

7) വനിതാ ക്ഷേമം

സ്ത്രീകളുടെ സാമൂഹ്യ പദവി ഉയരണമെങ്കിൽ അവർക്ക് സ്വന്തമായി വരുമാനമുണ്ടാകുന്ന തൊഴിൽ ലഭ്യമാക്കണം ഇതിനായി വനിതാ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ തയ്യാറായി വരുന്ന സ്വയം സഹായ സംഘങ്ങൾക്ക് ഗ്രാന്റ് അനുവദിക്കും. വിദൂരസ്ഥലത്ത് നിന്ന് പല ആവശ്യങ്ങൾക്കായി ഇവിടേക്ക് വരുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസമൊരുക്കാൻ നിർമ്മിക്കുന്ന ഷീ ലോഡ്ജിന്റെ നിർമ്മാണം പൂർത്തിയാക്കി ഉടൻ തുറന്നു കൊടുക്കും.

⇨ സ്നേഹതീരം (ഷീ ലോഡ്ജ്)	40 ലക്ഷം രൂപ
⇨ വനിത സമുച്ചയം	30.76 ലക്ഷം രൂപ
⇨ മൊബൈൽ പച്ചക്കറി വണ്ടി	5 ലക്ഷം രൂപ
ആകെ	**75.76 ലക്ഷം രൂപ**

8) പശ്ചാത്തല വികസനം

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMJVK ഇനത്തിൽ 24.99 കോടി രൂപ അടുത്ത സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നുണ്ട്. ഇതിനു പുറമെ നബാർഡ്, MLA മാരുടെ പ്രാദേശിക ആസ്തി വികസന പദ്ധതികൾ, പ്രകൃതിക്ഷോഭ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, കോർപ്പസ് ഫണ്ട് എന്നീ പദ്ധതികൾ മുഖേന 6 കോടി രൂപയും പ്രതീക്ഷിക്കുന്നു.

- ⇨ പ്രൈം മിനിസ്റ്റേഴ്സ് ജനവികാസ് കാര്യ ക്രം — 24.99 കോടി രൂപ
- ⇨ എം.എൽ.എ ഫണ്ട്/പ്രകൃതിക്ഷോഭ പുനരുദ്ധാരണ പ്രവർത്തനങ്ങൾ etc. — 6 കോടി രൂപ

ആകെ — 30.99 കോടി രൂപ

9) കുടിവെള്ളം, ശുചിത്വം

കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ജലജീവൻ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതാണ്. സൗജന്യമായി സ്ഥലം ലഭ്യമാക്കിയാൽ കല്ലോടി ഡിവിഷനിൽ നിർമിച്ച് കൊണ്ടിരിക്കുന്ന പൊതു ശൗചാലയത്തിന്റെ മാതൃകയിൽ മറ്റ് പ്രദേശങ്ങളിലും ശുചിമുറി കോംപ്ലക്സുകൾ നിർമിക്കുന്നതാണ്.

- ⇨ കുടിവെള്ളം ശുചിത്വം — 56.50 ലക്ഷം രൂപ

10) തൊഴിൽ മേഖല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5 ഗ്രാമപഞ്ചായത്തുകളിലായി വരും വർഷത്തിൽ 1169381 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ ആസ്തി വികസനത്തിന്റെ ഭാഗമായി തൊഴുത്ത്/ആട്ടിൻ കൂട് നിർമ്മാണം, റോഡ് നവീകരണം, കുളം നിർമ്മാണം, അങ്കൺവാടികളുടെ നിർമ്മാണം എന്നിവയും ലക്ഷ്യം വെക്കുന്നു.

അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അവർക്ക് സ്വയം തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് സഹായം ലഭ്യമാക്കും. വിവിധ തൊഴിലുകളിൽ വിദഗ്ധ പരിശീലനം നേടി മികച്ച രീതിയിൽ തൊഴിൽ ചെയ്യാൻ അവരെ പ്രാപ്തരാക്കും. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ബി.പി.എൽ കുടുംബങ്ങളിലെ യുവതീ യുവാക്കൾക്ക് നൈപുണ്യ പരിശീലനത്തിന് അസാപ്പിന്റെ സഹകരണം തേടുന്നതാണ്.

- ⇨ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി — 57.69 കോടി രൂപ

11) കായികം - സംസ്കാരം

ജാതിഭേദം, മതദ്വേഷം ഏതുമില്ലാതെ സർവരും സാഹോദര്യത്തോടെ ജീവിക്കുന്ന ഗ്രാമങ്ങളായിരിക്കണം നമുക്ക് രൂപപ്പെടുത്തേണ്ടത്. മികച്ച കായിക ശേഷിയും, ഉന്നത സംസ്കാര ബോധവുമുള്ള തലമുറയെ വാർത്തെടുക്കാനുള്ള ബോധപൂർവ്വമായ ഇടപെടലുകൾ ഉണ്ടാകണം. ഇതിനായി കായിക, സാംസ്കാരിക മേഖലകളിൽ ഓരോ നൂതന പദ്ധതികൾ ആരംഭിക്കും

a) കായികം

എടവക പഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്തിന് സൗജന്യമായി ലഭിച്ച 4 ഏക്കർ സ്ഥലത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ

പൂർത്തിയായി. മികച്ച സൗകര്യങ്ങളുള്ള കളിസ്ഥലമാക്കി മാറ്റുന്നതിന് ജനകീയമായി സാമ്പത്തിക സമാഹരണം നടത്തും. ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി സ്മാരകമായി ഈ സ്പോർട്സ് കോംപ്ലക്സ് അറിയപ്പെടും.

b) സംസ്കാരം

1) ബ്ലോക്ക് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ടായിരുന്ന പ്രശസ്ത ഗദ്ദിക കലാകാരൻ ശ്രീ. പി.കെ. കാളേട്ടന്റെ സ്മൃതിദിനം സമുചിതമായി ആചരിക്കും.

2) വായനശാലകളെ വിവര സാങ്കേതിക വിദ്യയിലൂടെ ബന്ധിപ്പിച്ച് ഡിജിറ്റൽ ലൈബ്രറി സംവിധാനം ഒരുക്കും. അടുത്ത സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിലെ ലൈബ്രറികളാണ് ഇതിനായി തെരഞ്ഞെടുക്കുക.

ഉപസംഹാരം


പാർപ്പിടം, കൃഷി, ആരോഗ്യം, സാംസ്കാരികം, വിദ്യാഭ്യാസം, വയോജനങ്ങളുടെയും ഭിന്നശേഷിയുള്ളവരുടെയും ക്ഷേമം, വനിതാ ക്ഷേമം, തൊഴിൽ പരിശീലനം തുടങ്ങി എല്ലാ മേഖലകളെയും പരിഗണിച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്.

'സ്നേഹതീരം' വനിതകൾക്ക് താമസ സൗകര്യമൊരുക്കൽ എന്ന പദ്ധതി വൈകാതെ ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിക്കുന്നതാണ്.

സെക്കണ്ടറി പാലിയേറ്റീവ്, 'കനിവ്' സഞ്ചരിക്കുന്ന ആതുരാലയം എന്നിവയുടെ പ്രവർത്തന മികവിനുള്ള അംഗീകാരമായി സംസ്ഥാനത്തെ മികച്ച ബ്ലോക്കിനുളള പ്രഥമ വയോ സേവന പുരസ്കാരം ലഭിച്ചതിൽ നമുക്ക് അഭിമാനിക്കാം. ആരോഗ്യ മേഖലയിൽ 'കാര്യണ്യസ്പർശ'മെന്ന പേരിൽ പുതിയ ഒരു ചുവടു വെപ്പു കൂടി ഈ വർഷം നമ്മൾ നടത്തുകയാണ്.

ലഭ്യമായ വിഹിതത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തയ്യാറാക്കിയിട്ടുള്ള ഈ ബഡ്ജറ്റ് നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങർക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

എ.കെ ജയഭാരതി
വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ



മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

2022-2023 ബഡ്ജറ്റ് സംഗ്രഹം

മുൻബാക്കി	30,96,861
വരവ്	1,05,70,17,506
ആകെ വരവ്	1,06,01,14,367
ആകെ ചെലവ്	1,05,65,58,506
നീക്കി ബാക്കി	**35,55,861**

ബഡ്ജറ്റ് 2022-2023

വിഭവ സമാഹരണം

പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ബഡ്ജറ്റ് വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ

1.	**പ്രാരംഭ ബാക്കി**	30,96,861
2.	**നികുതിയേതര വരുമാനങ്ങൾ**	
	(i) പലിശ വരവുകൾ	15,00,000
	(ii) കെട്ടിട വാടക	42,92,000
	(iii) മറ്റുള്ളവ	90,000
3.	പൊതുആവശ്യഫണ്ട്	63,12,000
4.	പദ്ധതി വിഹിതം (ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെ)	10,43,63,000
5.	റോഡിതര മെയിന്റനൻസ് ഫണ്ട്	8,897,000
6.	**കേന്ദ്രാവിഷ്കൃത പദ്ധതികൾ**	
	(i) മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	57,69,03,506
	(ii) പ്രധാൻമന്ത്രി ആവാസ്യോജന (ജി)	3,45,60,000
	(iii) പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം	24,99,90,000
7.	ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിതം	3,15,70,000
8.	ഗ്രാമ പഞ്ചായത്ത് പദ്ധതി വിഹിതം	2,21,40,000
9.	സംസ്ഥാനാവിഷ്കൃത പദ്ധതികൾ/മറ്റുള്ളവ	1,64,00,000
	ആകെ വരവുകൾ	**1,06,01,14,367**

ബഡ്ജറ്റ് 2022–2023

വിഭവ വിനിയോഗം		
1.	ഭരണനിർവ്വഹണ ചെലവുകൾ	67,35,000
2.	പദ്ധതി ചെലവുകൾ	17,19,70,000
3.	കേന്ദ്രാവിഷ്കൃത പദ്ധതികൾ	
	(i) മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	57,69,03,506
	(ii) പ്രധാൻമന്ത്രി ആവാസ്യോജന (ജി)	3,45,60,000
	(iii) പ്രധാൻ മന്ത്രി ജൻവികാസ് കാര്യക്രം	24,99,90,000
4.	സംസ്ഥാനാവിഷ്കൃത പദ്ധതികൾ/മറ്റുള്ളവ	1,64,00,000
	ആകെ ചെലവുകൾ	1,05,65,58,506
	നീക്കിയിരുപ്പ്	**35,55,861**